# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.535** **26.10.2016-ൽ മറുപടിയ്ക്ക്**

## തീയേറ്റർ സമുച്ചയ നിർമ്മാണ പദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സി.എഫ്.തോമസ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ഡോ.എൻ.ജയരാജ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) മലയാള സിനിമയുടെ പുരോഗതി മുൻനിർത്തി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ; | (എ) മലയാള സിനിമയുടെ പുരോഗതി മുൻനിർത്തി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി പുതിയ സാങ്കേതിക വിദ്യയും നവീന ആശയങ്ങളും യോജിപ്പിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അതോടൊപ്പം നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ ഒരേ സമയം എത്തിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തീയേറ്റർ നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്ന എല്ലാ നിയോജകമണ്ഡലങ്ങളിലും തീയേറ്റർ സമുച്ചയം നിർമ്മിക്കുക എന്ന പദ്ധതി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പരിശോധിക്കുന്നതാണ്. |
| (ബി) കെ.എസ്.എഫ്.ഡി.സിയുടെ കീഴിൽ നിലവിലുള്ള തീയേറ്ററുകൾക്കു പുറമെ കൂടുതൽ ശൃംഖല സ്ഥാപിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br>(സി) ഇപ്രകാരം തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള മൂലധനം എപ്രകാരം സമാഹരിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും ഇക്കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. |
| (ഡി) നടപ്പ സാമ്പത്തിക വർഷം ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് നടപ്പസാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ